**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1773** **09-12-2022 - ൽ മറുപടിയ്ക്ക്**

**കാർഷികയന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷികയന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നിലവിൽ ഉള്ള സൗകര്യങ്ങൾ എന്തെല്ലാം എന്ന് വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്ത് കാർഷികയന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലും കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷനിലും സൗകര്യം ലഭ്യമാണ്. |
| (ബി) | കാർഷിക യന്ത്രങ്ങളുടെ വർദ്ധനവിന് അനുസൃതമായി അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള സംവിധാനം അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരം നൽകുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് കേടായി കിടക്കുന്ന കാർഷിക യന്ത്രങ്ങൾ കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ മുഖേന അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള സംവിധാനം പരിഗണനയിലാണ്. |
| (സി) | യന്ത്രോപകരണങ്ങളുടെ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ മുഖേന വിവിധ പദ്ധതികളിലൂടെ നൽകിയിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. വിവിധ തരത്തിലുള്ള 11505 കാർഷിക യന്ത്രങ്ങളിൽ 5354 എണ്ണം പ്രവർത്തനക്ഷമവും 6092 എണ്ണം പ്രവർത്തനരഹിതവുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | കർഷകർക്ക് സമയബന്ധിതമായി കാർഷികയന്ത്രങ്ങളുടെ സേവനം, അറ്റകുറ്റപ്പണികൾ എന്നിവ ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ; | (ഡി) | പഞ്ചായത്ത് അടിസ്ഥാനത്തിൽ കാർഷിക കർമ്മസേനകളും, ബ്ലോക്കടിസ്ഥാനത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും (കൃഷിശ്രീ സെന്റർ), ജില്ലാ അടിസ്ഥാനത്തിൽ കസ്റ്റം ഹയറിങ് സെന്ററുകളും സ്ഥാപിച്ച കാർഷികയന്ത്രങ്ങളുടെ സേവനവും കാർഷിക യന്ത്രവൽക്കരണ മിഷൻ, കൃഷി വകുപ്പ് (എഞ്ചിനീയറിംഗ് വിഭാഗം) എന്നിവ മുഖേന അറ്റകുറ്റപ്പണികളും ചെയ്ത് വരുന്നുണ്ട്. |
| (ഇ) | നിയോജക മണ്ഡലാടിസ്ഥാനത്തിൽ അഗ്രികൾച്ചർ മെഷീനറി കേന്ദ്രങ്ങൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഇ) | ഇല്ല. നിലവിൽ ബ്ലോക്കടിസ്ഥാനത്തിലാണ് കാർഷിക സേവന കേന്ദ്രങ്ങൾ/കൃഷിശ്രീ സ്ഥാപിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ